**പതിനാലാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1468** **06.03.2020 ൽ** മറുപടിക്ക്

**പെരുമ്പടപ്പ് ബസ് സ്റ്റാന്റ്, മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പെരുമ്പടപ്പ് ബസ് സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി 12.02.2019 ൽ മന്ത്രി വിളിച്ച ചേർത്ത യോഗതീരുമാനപ്രകാരം ആർ.സി.1/23/2019 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | പെരുമ്പടപ്പ് ബസ് സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി സ്വകാര്യ വ്യക്തി സ്ഥലം വിട്ടുനൽകുന്നതിന് പകരമായി ടിയാൻ 2008-ൽ സർക്കാർ അനുമതി കൂടാതെ മൂന്നേക്കർ നെൽ വയൽ നികത്തി നല്കിയത് സാധൂകരിക്കുന്ന കാര്യത്തിൽ വേണ്ട റവന്യൂ റെക്കോർഡുകളും വിജിലൻസ് കേസുമായി ബന്ധപ്പെട്ട വിശദ വിവരങ്ങളും റവന്യൂ, നിയമ വകുപ്പുകളുമായി കൂടിയാലോചിച്ച് നിയമസാധുത പരിശോധിച്ച് നടപടി സ്വീകരിക്കാൻ 12/02/2019-ൽ നടത്തിയ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. അത് പ്രകാരം കൊച്ചി കോർപ്പറേഷന്റെ കൈവശമുള്ള രേഖകളുടെ പകർപ്പുകൾ നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഈ രേഖകൾ പരിശോധിച്ച് വ്യക്തമായ ശിപാർശയോടുകൂടി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് 06/11/2019 - ലെ ആർ.സി1/23/2019/തസ്വഭവ നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**